**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2004** **12-09-2023 - ൽ മറുപടിയ്ക്ക്**

**വാഹനങ്ങളുടെ പുതുക്കിയ വേഗപരിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എ.ഐ. ക്യാമറകൾ സ്ഥാപിച്ചതിനുശേഷം വാഹനാപകടങ്ങൾക്ക് കുറവുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | എ. ഐ ക്യാമറകൾ സ്ഥാപിച്ചശേഷം വാഹനാപകടങ്ങളിൽ മുൻകാലത്തെ അപേക്ഷിച്ച് കുറവ് വന്നിട്ടുണ്ട്. 2023 ജൂൺ മാസത്തിലാണ് എ.ഐ ക്യാമറകൾ പ്രവർത്തനക്ഷമമായത്. സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്ക് പ്രകാരം 2022 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെയും 2023 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെയും അപകടങ്ങളുടെ എണ്ണം, മരണ നിരക്ക്, പരിക്കുകളുടെ എണ്ണം എന്നിവയുടെ വിശദാംശം **അനുബന്ധമായി** കൊടുത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത ക്യാമറകൾ സ്ഥാപിച്ചതിനുശേഷം നാളിതുവരെ കണ്ടെത്തിയ ഗതാഗത നിയമ ലംഘനങ്ങൾ എത്രയാണെന്നും ഇതുവഴി എത്ര തുക പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ; | (ബി) | പ്രസ്തുത ക്യാമറകൾ സ്ഥാപിച്ചതിനുശേഷം 31/08/2023 വരെ 8,61069 നിയമലംഘനങ്ങൾക്ക് ചെലാൻ തയ്യാറാക്കിയിട്ടുണ്ട്. 55,20,50,750 രൂപ പിഴ ചുമത്തുകയും, 6,95,45,750 രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | എ.ഐ. ക്യാമറകൾ മുഖേന ഈടാക്കുന്ന പിഴ ഒടുക്കാനും ഇതുമായി ബന്ധപ്പെട്ട പരാതികൾ നൽകാനും എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | എ.ഐ.ക്യാമറകൾ വഴിയുള്ള പിഴതുക ഓൺലൈൻ സംവിധാനം വഴി ഒടുക്കാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട പരാതികൾ അതാത് ജില്ലാ കൺട്രോൾ റൂമുകളിൽ നേരിട്ട് നൽകുകയോ ഇതിനു വേണ്ടി തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ സംവിധാനം വഴിയോ പരിഹരിക്കാവുന്നതാണ്. |
| (ഡി) | ഹൈവേകളിൽ നിശ്ചയിച്ചിട്ടുള്ള വാഹനങ്ങളുടെ പുതുക്കിയ വേഗപരിധി പൊതുജനങ്ങളെ അറിയിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (ഡി) | ഹൈവേകളിൽ നിശ്ചയിച്ചിട്ടുള്ള വാഹനങ്ങളുടെ വേഗപരിധി സംബന്ധിച്ച് ആവശ്യമായ സൂചക ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ടവർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

| Accident Details | | | |
|---|---|---|---|
| Month | No of Accidents | No of Fatality | No of Injuries |
| Jun-22 | 3714 | 344 | 4516 |
| Jun-23 | 3787 | 276 | 4247 |
| | | Fatality reduced by **68** | |
| Jul-22 | 3316 | 313 | 3999 |
| Jul-23 | 3570 | 264 | 4056 |
| | | Fatality reduced by **49** | |
| Aug-22 | 3366 | 307 | 4040 |
| Aug-23 | 1065 | 58 | 1197 |
| | | Fatality reduced by **249*** | |

* As per SCRB data on 5/9/2023